# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 235 — 8.07.2015-ൽ മറുപടിക്ക്

## പ്രാഥമിക ആരോഗ്യമേഖല ശക്തിപ്പെടുത്താൻ നടപടി

**ചോദ്യം**

ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എം.ഹംസ
" എ. പ്രദീപ്കുമാർ
" ജെയിംസ് മാത്യു

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആരോഗ്യമേഖലയിൽ ഘടനാപരമായ മാറ്റം പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ ; | (എ) | ആരോഗ്യമേഖലയിൽ ഘടനാപരമായ മാറ്റം വരുത്താൻ സംസ്ഥാന പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്തിട്ടില്ല. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കായി ആരോഗ്യമേഖലയിൽ ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി കേരള ആരോഗ്യ സർവ്വകലാശാല മുൻ വൈസ് ചാൻസലറായിരുന്ന ഡോ. കെ. മോഹൻദാസ് അദ്ധ്യക്ഷനായും ആരോഗ്യവകുപ്പ് സെക്രട്ടറി ഉൾപ്പെടെ 11 അംഗ മെമ്പർമാരും ഉൾപ്പെട്ട ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. കേരളത്തിന്റെ ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളികളെപ്പറ്റിയും പന്ത്രണ്ടാം പദ്ധതിക്കാലത്ത് അനുവർത്തിക്കേണ്ട തന്ത്രങ്ങളെപ്പറ്റിയും ഒരു റിപ്പോർട്ട് സമിതി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ആരോഗ്യമേഖലയിൽ ഏതൊക്കെ രംഗത്താണ് പൊതു-സ്വകാര്യ പങ്കാളിത്തം (പി.പി.പി.) ഉദ്ദേശിക്കുന്നത്; ഇത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | ആരോഗ്യമേഖലയിൽ പൊതു-സ്വകാര്യ പങ്കാളിത്തം (പി.പി.പി) നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. |
| (സി) | സേവനത്തിന്റെ ഗുണനിലവാരത്തിനനുസരിച്ചുള്ള ഫീസ് ഈടാക്കണമെന്ന നിർദ്ദേശം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെയും മറ്റു പാവപ്പെട്ടവരേയും എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (സി) | സേവനത്തിന്റെ ഗുണനിലവാരം അനുസരിച്ച് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടില്ല. |
| (ഡി) | പാവപ്പെട്ടവരെ പ്രതികൂലമായി ബാധിക്കാത്ത വിധം കേന്ദ്ര സഹായത്തോടെയും അല്ലാതെയും | (ഡി) | പ്രാഥമിക ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലില്ല. എൻ.എച്ച്.എം മുഖേനയുള്ള പദ്ധതികൾ |

(P.T.O)

| | | | |
|---|---|---|---|
| | പ്രാഥമിക ആരോഗ്യമേഖല ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | | നടപ്പിലാക്കിവരുന്നു. പ്രാഥമികാരോഗ്യകേന്ദ്ര-ങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിൽ നിന്നും തുക വകയിരുത്തുന്നുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതാണ് പ്രാഥമിക ആരോഗ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം ബഡ്ജറ്റ് വിഹിതം വാർഷിക പദ്ധതിയിൽ വകയിരുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ